**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5713** **09/07/2012 -ൽ മറുപടിക്ക്**

## എൻ.സി.സി. കേഡറ്റുകളുടെ ഗ്രേസ് മാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലം എൻ.സി.സി. കേഡറ്റുകളുടെ, ഗ്രേസ് മാർക്ക് കൂടാതെ പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം ഫലപ്രഖ്യാപനം വിദ്യാർത്ഥികളുടെ ഉന്നത പഠന അവസരത്തെ ബാധിച്ചതായി പരാതി കിട്ടിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് എന്ന് വെളിപ്പെടുത്തുമോ ; | (ബി) നാളിതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല. |
| (സി) ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;<br><br>(ഡി) ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) ആന്റ് (സി)<br>26.4.2012 ലാണ് ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടന്നത്. എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നല്കുന്നതിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിച്ചുകൊണ്ട് 24.3.2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം സ്കൂളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുവാനുള്ള കാലതാമസം മൂലമാണ് മുഴുവൻ എൻ.സി.സി കേഡറ്റുകൾക്കും ഗ്രേസ് മാർക്ക് നല്കിക്കൊണ്ട് ഫലപ്രഖ്യാപനം നടത്താൻ കഴിയാതിരുന്നത്. വരും വർഷങ്ങളിൽ ഇത്തരം കാലതാമസം ഉണ്ടാകുന്നതല്ല. |

സെക്ഷൻ ഓഫീസർ